2. 1979 ഫെബ്രുവരി 13.ാം തീയതിയിലെ വിജ്ഞാപനം ജി.ഒ. (എം.എസ്.) നമ്പർ 104/79/ജി.എ.ഡി. (എസ്.ആർ.ഒ. നമ്പർ 240/79).

കൃഷിവകുപ്പുമന്ത്രി (ശ്രീ. എ.എൽ. ജേക്കബ്): സ്റ്റേറ്റ് ഗവൺമെന്റ് ഉടമയിലുള്ള കാഷ്യൂ പ്ലാന്റേഷൻ, പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള, ക്ലിപ്തത്തിലേയ്ക്ക് കൈമാറുന്നതു സംബന്ധിച്ച പ്രസ്താവന ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

വ്യവസായവും വനവും വകുപ്പു മന്ത്രി (ശ്രീ. പി.എസ്. ശ്രീനിവാസൻ): ട്രിവാൻഡ്രം റബ്ബർ വർക്സ്, ക്ലിപ്തത്തിന്റെ 1978 മാർച്ച് 31-ൽ അവസാനിച്ച വർഷത്തിലെ പതിനാലാമതു വാർഷിക റിപ്പോർട്ടും കണക്കുകളും സംബന്ധിച്ച കടലാസ്സുകളും ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

V റിപ്പോർട്ട് സമർപ്പണം

പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമസമിതിയുടെ റിപ്പോർട്ട്

ശ്രീ. പി.കെ. ചാത്തൻ മാസ്റ്റർ: സർ, പട്ടികജാതി - പട്ടിക വർഗ്ഗ ക്ഷേമസമിതിയുടെ ആറാമതു റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നു.

VI ചട്ടങ്ങളുടെ ഭേദഗതികൾ

മുഖ്യമന്ത്രി (ശ്രീ. പി.കെ. വാസുദേവൻ നായർ) സർ, ഇന്ന് ബഹുമാനപ്പെട്ട ഇ. ചന്ദ്രശേഖരൻ നായർ അവതരിപ്പിച്ച ഭേദഗതിയെപ്പറ്റി ഒന്നുകൂടി ആലോചിച്ചിട്ട് ഗവൺമെന്റിന്റെ പ്രതികരണം പറയാമെന്നു ഞാൻ പറഞ്ഞിരുന്നു. അങ്ങയുടെ സെക്രട്ടേറിയറ്റിനു ആ ചുമതല ഏറ്റെടുക്കാൻ കഴിയുമെങ്കിൽ ഗവൺമെന്റിനു സന്തോഷമേയുള്ളു; ആ അടിസ്ഥാനത്തിൽ ശ്രീ. ചന്ദ്രശേഖരൻ നായരുടെ ഭേദഗതി അംഗീകരിക്കാമെന്നാണ് എന്റെ അഭിപ്രായം.

The amendments moved by Shri E. Chandrasekharan Nair on April 10, 1979 to the Government Dues from Members (Deduction from Allowances) [Rules, 1978 published as notification No. G.O. (Ms.) 371/78/GAD dated 10-8-1978 - S.R.O. No. 910/78] viz.,

1. In Rule 3 in between the words "by a Member" and the words "to the Government" insert the words "in his capacity as such member".

2. Recast Rule 4 as follows:

"4. If the Member objects to the claim of the Government Department on the ground that the amount claimed is not amount liable to be paid in his capacity as a Member of the Legislative Assembly the Secretary shall have the right to decide whether the whole or part of the amount claimed is Government dues payable by the member in his capacity as a Member".

LIBRARY ARCHIVES Kerala Legislative Assembly